# 'മാർഗ്ഗദർശനവും വിവേകവും നൽകുന്ന ദൈവീക ശക്തി'

## 1 ശമുവേൽ 25:24

''അവൾ അവന്റെ കാൽക്കൽ വീണു പറഞ്ഞതു: യജമാനനേ, കുറ്റം എന്റെമേൽ ഇരിക്കട്ടെ; അടിയൻ ഒന്നു ബോധിപ്പിച്ചുകൊള്ളട്ടെ; അടിയന്റെ വാക്കുകളെ കേൾക്കേണമേ.''

ശക്തനായ, പ്രഭാവശാലിയായ, ഗാംഭീര്യനായ രാജാവിന്റെ ഹൃദയത്തെ ഇളക്കിമറിച്ച് തന്റെ കുടുംബത്തെ ഉന്മൂലനാശത്തിൽ നിന്ന് രക്ഷിച്ച 'അബീഗയിൽ' എന്ന ധീര വനിതയുടെ യാചനയാണ് നാം വായിച്ചതായ വേദഭാഗം. ജീവിതത്തിന്റെ ഗൗരവമേറിയ വലിയ പാഠങ്ങൾ ഈ സംഭവത്തിലൂടെ അബീഗയിൽ വരച്ചുകാട്ടുന്നു. 1 ശമുവേൽ 25:3-ാം വാക്യം (അവന്നു നാബാൽ എന്നും അവന്റെ ഭാര്യക്ക് അബീഗയിൽഎന്നും പേർ. അവൾ നല്ല വിവേകമുള്ളവളും സുന്ദരിയും അവനോ നിഷ്ഠൂരനും ദുഷ്കർമ്മിയും ആയിരുന്നു) നാം കാണുന്നത് വിപരീത സ്വഭാവമുള്ള ഒരു ഭർത്താവിനെയും, ഭാര്യയെയും ആണ്, നിഷ്ഠൂരനും, ദുഷ്ക്കർമ്മിയുമായ നാബാലിന്റെ വിവേകിയും സുന്ദരിയുമായ അബീഗയിൽ എന്ന ഭാര്യ. ദൈവത്തിലുള്ള ഉറച്ച ജ്ഞാനവും, വിവേകവും, ഭക്തിയും മാത്രമാണ്, ധൈര്യമായി രാജാവിന്റെ അടുത്തേക്ക് പോകാനായി അവളെ ഇടയാക്കുന്നത്.

1 ശമുവേൽ 25:24-31 വരെ വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാം അബീഗയിൽ ദാവീദ് രാജാവിന്റെ അടുത്തേക്ക് ചെന്ന് തന്റെ ഭർത്താവിന്റെ ഭോഷത്വത്തെയോർത്ത് മാപ്പു പറയുകയും, തുടർന്ന് ഭാവിയിൽ രാജാവിനു വേണ്ടിയുള്ള കാര്യങ്ങൾകൂടി പ്രവചിക്കുകയും ചെയ്യുന്നു. അവളുടെ നേർക്കുള്ള രാജാവിന്റെ ആദരവ് അവിടെ വർദ്ധിച്ചു. തുടർന്ന് സമാധാനത്തോടെ അവളുടെ കൈയിൽ നിന്നും തനിക്കു കൊണ്ടു വന്നതൊക്കെയും സ്വീകരിച്ചുകൊണ്ട് രാജാവ് അവളെ മടക്കി അയക്കുന്ന ചിത്രം നമുക്ക് ദർശിക്കാം.

അബീഗയിലിന്റെ ജീവിതത്തിലൂടെ കണ്ണോടിച്ചുകൊണ്ട് നമുക്ക് ചിലത് ഇന്നു പഠിക്കാം. നേരം പുലരുമ്പോൾ ഭവനത്തിലെ സകലപുരുഷൻമാരും വാളിനിരയാകും എന്ന വാർത്ത അവൾ ശ്രവിക്കുന്നു. അതും തന്റെ ഭർത്താവിന്റെ അഹങ്കാരം വരുത്തിവച്ച വിന. എന്നാൽ പ്രശ്നപരിഹാരത്തിനായി വാവിട്ടു കരയുകയോ, ഭർത്താവിനെ പഴി ചാരുകയോ ചെയ്യാതെ വിവേകപൂർണ്ണമായ അവളുടെ ഇടപെടലാണ് ഇവിടെ കാണുന്നത്. വചനം പറയുന്നു ചുരുങ്ങിയ സമയംകൊണ്ട് അവൾ 200 അപ്പം, 2 തുരുത്തി വെള്ളം, പാകം ചെയ്ത 5 ആട്, 100 ഉണക്കമുന്തിരിക്കുല, 5 പറ മലർ, 200 അത്തിയട എന്നിവ ഉണ്ടാക്കി.

ഇത്രയും സാധനങ്ങളുടെ ശേഖരവുമായിട്ടാണ് രാജാവിന്റെ അടുത്തേക്ക് പുറപ്പെട്ടു പോകുന്നത്.

അതെ, നിർണ്ണായഘട്ടത്തിൽ വേണ്ട തീരുമാനം എടുക്കാനുള്ള വിവേകം അവൾക്ക് എവിടെനിന്നു ലഭിച്ചു? ഒന്നു മാത്രം, യഹോവയിങ്കലുള്ള ഭക്തി അവളെ വിവേക പൂർണ്ണയാക്കി. മഹാരാജാവിനെ ഈ വിധം ധൈര്യത്തോടെ നേരിടാൻ പ്രാപ്തയാക്കി. ദൈവീക ശക്തി മാർഗ്ഗദർശനവും ബുദ്ധിയും നൽകി.

പ്രിയരേ, ജീവിതത്തിൽ പ്രശനങ്ങൾ വരുമ്പോൾ, ആരും സഹായത്തിനില്ലാതെ ആകുമ്പോൾ അലറിക്കരഞ്ഞും, മുറുമുറുത്തും മറ്റു സഹായ മേഖലകളിൽ ഓടുന്നവർക്കുള്ള ഒരു ദൂതാണ് ഇവിടെ കാണുന്നത്. ഏതവസ്ഥയിലും, തക്കസമയത്ത് വഴി ഉപദേശിച്ചു തരുന്നത് പരിശുദ്ധാത്മാവാണ്. അവൻ മാത്രമാണ് നമ്മുടെ ഉപദേഷ്ടാവും സാന്ത്വനപ്രദനുമായവൻ. മകനേ, ഇതിലേ, ഇതിലേ എന്ന മന്ദസ്വരം കേൾക്കാൻ ചെവികൾ ഒന്നു തുറന്നുകൊടുത്താൽ മാത്രം മതി. യേശുവുമായി കൈകോർത്ത് പിടിച്ചുനടക്കുന്ന ഒരു പതിവ് നിന്റെ ജീവിതത്തിലുണ്ടെങ്കിൽ ഏത് സന്ദർഭത്തിലും ബുദ്ധിപൂർവ്വം വിവേകത്തോടെ പ്രവർത്തിക്കാനുള്ള ജ്ഞാനവും, ധൈര്യവും, മാർഗ്ഗദർശനവും, സാമർത്ഥ്യവും ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്നു നയിക്കും.

വിജയശ്രീലാളിതയായി വീട്ടിലെത്തുന്ന അബീഗയിൽ വീണ്ടും കാണുന്നത് കുടിച്ചു മത്തനായി കിടക്കുന്ന ഭർത്താവിനെയാണ്. അവിടെ ദീർഘക്ഷമയോടെ നേരം പുലരും വരെ യാതൊരു മറുതലിപ്പും കാണിക്കാതെ കാത്തിരിക്കുന്ന ഒരു ഭാര്യയെ നമുക്ക് കാണാം. പിന്നീട് നമുക്കറിയാം ചുരുങ്ങിയ ദിവസത്തിനുള്ളിൽ നാബാൽ മരിക്കുകയും, അബീഗയിൽ ദാവീദിന്റെ ഭാര്യയായി തീരുകയും ചെയ്തു.

സമൂഹത്തിൽ ഒരു സ്ഥാനവും ഇല്ലാതിരുന്ന കുടിയനായ ഒരുവന്റെ ഭാര്യയ്ക്ക് ലോക പ്രകാരം എന്തു ലഭിക്കും. വാസ്തവമായി നമ്മെ ആശ്ചര്യപ്പെടുത്തുന്ന ഒരു പാഠം അബീഗയിലിൽ കാണാം. ദൈവം അവളെ ഉയർത്തി. ഒരു ബഹുമാനവും അർഹിക്കാ തിരുന്ന അവളെ മഹാരാജ്ഞി പദവിയിലേക്ക് ഉയർത്തി. ജീവിതത്തിലുടനീളം സകല സാഹചര്യങ്ങളെയും വിവേകപൂർവ്വം നേരിട്ട് വെല്ലുവിളികളെ ജയമാക്കിത്തീർക്കാൻ ദൈവമായ കർത്താവ് സഹായിക്കട്ടെ

പരാമർശം :

സദൃശവാക്യങ്ങൾ 12:23

വിവേകമുള്ള മനുഷ്യൻ പരിജ്ഞാനം അടക്കിവെക്കുന്നു; ഭോഷന്മാരുടെ ഹൃദയമോ ഭോഷത്വം പ്രസിദ്ധമാക്കുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 023